LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പോലീസിലെ പരിഷ്കാരങ്ങൾ

57(263) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന പോലീസിൽ എന്തെല്ലാം പുതിയ പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്രയെണ്ണം മാതൃകാ പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട് ;

(സി) സംസ്ഥാന പോലീസിൽ മുഴുവൻ സ്റ്റേഷനുകളിലും എട്ടു മണിക്കൂർ ജോലി സമയം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ മുഴുവൻ സേനാംഗങ്ങൾക്കും എട്ട് മണിക്കൂർ ജോലി സമയം ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

പോലീസ് സ്റ്റേഷൻ ആക്രമണങ്ങൾ

58(264) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട് എന്നറിയിക്കുമോ :

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് ഇത്തരത്തിൽ ആക്രമിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെടുന്നതിനുള്ള കാരണങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ :

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾ ആക്രമണങ്ങൾക്കിടെ എത്ര പോലീസുകാർ ആക്രമിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ : പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ട എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കാലയളവിൽ പോലീസ് സ്റ്റേഷനുകൾ ആക്രമിച്ച്, ഏതൊക്കെ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട, എത്ര പേരെ മോചിപ്പിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.